ഇരവിപുരം ഫിഷർമെൻ കോളനി നിവാസികൾക്ക് പട്ടയം

50 (3991) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-ൽ ഉദ്ഘാടനം ചെയ്ത ഇരവിപുരം ഫിഷർമെൻ കോളനിയിലെ താമസക്കാരിൽ പതിനെട്ട് കുടുംബങ്ങൾക്ക് നാളിതുവരെ പട്ടയം നൽകിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പട്ടയം നൽകാൻ അടിയന്തര നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇരവിപുരം ഫിഷർമെൻ കോളനിയിൽ താമസിക്കുന്ന പട്ടയം ലഭിക്കാത്ത 18 പേർ മറ്റ് ചില വ്യക്തികളുടെ പേരിലുള്ള വസ്തുവിലാണ് താമസിക്കുന്നതെന്നാണ് അന്വേഷണത്തിൽ അറിഞ്ഞത്. പ്രസ്തുത സ്ഥലം ഗവൺമെന്റിന് സറണ്ടർ ചെയ്താൽ മാത്രമേ പട്ടയം നൽകാൻ കഴിയുകയുള്ളൂ. ജില്ലാ കളക്ടറുമായി ആലോചിച്ച് ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുവാൻ കൊല്ലം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൊല്ലം-പരവൂർ തീരദേശ റോഡിന്റെ നിർമ്മാണ പ്രവർത്തനം

51 (3992) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊല്ലം-പരവൂർ തീരദേശ റോഡ് ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

മത്സ്യത്തൊഴിലാളി മേഖലയിലെ ഫിഷ് ലാന്റിംഗ് സെന്ററുകൾ, മത്സ്യ മാർക്കറ്റുകൾ, ഫിഷറീസ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മറ്റു പ്രധാന റോഡുകൾ, പ്രധാന കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്ന മത്സ്യമേഖലറോഡുകൾ എന്നിവയുടെ നിർമ്മാണം/അറ്റകുറ്റപ്പണികൾ മുതലായവയാണ് ഫിഷറീസ് വകുപ്പ്, ഫിഷറീസ് റോഡ് പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പാക്കുന്നത്. ഈ ഇനത്തിൽ ഫിഷറീസ് വകുപ്പിന് ലഭിക്കുന്ന പരിമിതമായ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് ഇത്രയും ദൈർഘ്യമുള്ള ഒരു തീരദേശ റോഡ് ഏറ്റെടുത്ത് ഗതാഗത യോഗ്യമാക്കുവാൻ നിവൃത്തിയില്ല.

പുതിയാപ്പ ഫിഷിംഗ് ഹാർബർമൂലം ലഭിച്ച വരുമാനം

52 (3993) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷിംഗ് ഹാർബർ ആരംഭിച്ചതിനുശേഷം എത്ര ടൺ മത്സ്യം ഹാർബറിൽ അടുപ്പിച്ച ബോട്ടുകളിൽ നിന്നും വള്ളങ്ങളിൽനിന്നും ഇറക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly